ശ്രീ. വി. സി. കബീർ : മറുപടി പറയാം. ടി.വിയിലും പത്രങ്ങളിലും മരുന്നുകളെ സംബന്ധിച്ച് നടത്തുന്ന വ്യാജപ്രചരണങ്ങളെ അതിശക്തമായി ആരോഗ്യവകുപ്പ് തടസ്സപ്പെടുത്തിയിട്ടുണ്ട്; അതിൽ ഇടപെടുന്നുണ്ട്. അങ്ങനെ പരസ്യപ്പെടുത്തുന്ന കമ്പനികളുടെ പേരിൽ നടപടികളും സ്വീകരിച്ച് കൊണ്ടിരിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ : മായം ചേർക്കുന്നത് തടയാൻ പ്രാദേശികമായി കുഴപ്പങ്ങളുള്ള സ്ഥലത്ത് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി ഉദ്യോഗസ്ഥൻമാരുടെ ഇടപെടൽ മാത്രമല്ല ജനങ്ങളുടെ പങ്കാളിത്തംകൂടി ഉറപ്പാക്കാൻ ഇപ്പോൾ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് ? ലോക്കൽ ബോഡീസിന് ഇത് സംബന്ധിച്ച് എന്തെങ്കിലും ചുമതല നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. സി. കബീർ : നമ്മുടെ പ്രാദേശികതലങ്ങളിലെ ഉദ്യോഗസ്ഥൻമാരെക്കൂടാതെ സ്കൂളുകളിൽ സാമൂഹ്യപ്രവർത്തകരുടേയും പൊതുജനങ്ങളുടെയും സംഘാടകരുടേയും ഉപാതുജന സംഘടനകളുടേയും അഭിപ്രായം ആരോഗ്യ വകുപ്പ് ഇക്കാര്യത്തിൽ തേടാറുണ്ട്. സ്കൂളുകളിൽ ഇതുസംബന്ധിച്ച് ക്ലാസ്സുകൾ എടുക്കാറുണ്ട്. പബ്ലിക് അനലിസ്റ്റിന്റെ സഹായം പ്രചരണത്തിനുവേണ്ടി ഉപയോഗപ്പെടുത്താറുണ്ട്. ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനുവേണ്ടി ഉത്സവസ്ഥലങ്ങളിലെല്ലാം ക്യാമ്പയ്നുകളും നടത്താറുണ്ട്.

കന്നുകുട്ടി പരിപാലന പദ്ധതി

3 (*288) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കന്നുകുട്ടി പരിപാലനത്തിനുവേണ്ടി എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം കന്നുകുട്ടികളുടെ പരിപാലനത്തിന് കന്നുകാലി ഉടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുന്നുണ്ടോ ;

(ഡി) ഈ പദ്ധതി പ്രകാരം 31-1-2001 വരെ എത്ര കന്നുകുട്ടികളെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിനുവേണ്ടി 31-1-2001 വരെ എന്തു തുക സബ്സിഡി ഇനത്തിൽ കന്നുകുട്ടി ഉടമകൾക്ക് നൽകിയിട്ടുണ്ട് ;

(എഫ്) എത്ര മാസംവരെ പ്രായമുള്ള കന്നുകുട്ടികളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) കന്നുകുട്ടി പരിപാലനത്തിനുവേണ്ടി സർക്കാർ രൂപം നൽകിയ 'പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി' 1976 മുതൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയിരുന്നു. 1997 മുതൽ ടി പദ്ധതി ജില്ലാ പഞ്ചായത്തുകൾ വഴിയാണ് നടപ്പാക്കുന്നത്. കൂടുതൽ സങ്കരയിനം കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ മുഖേന കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ ഈ പദ്ധതി നടപ്പാക്കാനാണ് സർക്കാർ ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ കന്നുകുട്ടിയുടേയും ഉടമയ്ക്ക് മൊത്തം പരിപാലനകാലയളവിൽ (24 മാസമോ ആദ്യ പ്രസവമോ ഏതാണോ ആദ്യം അതുവരെ) 6,500 രൂപയ്ക്കുള്ള ധനസഹായം നൽകിവരുന്നു. അൻപതു ശതമാനം സബ്സിഡി ഇനത്തിൽ കാലിത്തീറ്റ, ഇൻഷ്വറൻസ്, പ്രതിരോധകുത്തിവയ്പുകൾ, ചികിത്സയ്ക്കുള്ള മരുന്നുകൾ എന്നിവ നൽകുന്നു. കൂടാതെ കർഷകർക്ക് കന്നുകുട്ടി പരിപാലനത്തെ സംബന്ധിച്ച പരിശീലനവും നൽകിവരുന്നു.

(സി) ഇല്ല.

(ഡി) 83716 കന്നുകുട്ടികളെ പദ്ധതിയിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

(ഇ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെയായി 3,28,520 രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.

(എഫ്) നാല് മുതൽ ആറ് വരെ മാസം പ്രായമുള്ള സങ്കരയിനം കന്നുകുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, കന്നുകുട്ടികളുടെ പരിപാലനത്തിനുവേണ്ടി മറ്റ് കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതുപോലെ കന്നുകുട്ടികളുടെ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തയ്യാറാകുമോ ? അംഗവൈകല്യം, മരണം, മുതലായവയ്ക്ക് ഒരു സഹായം എന്നുള്ള നിലയിൽ ആ ഇൻഷ്വറൻസ് തുക നൽകാനുള്ള വ്യവസ്ഥയോടുകൂടി ഒരു പദ്ധതി തയ്യാറാക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കന്നുകുട്ടികളെക്കൂടി ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. എല്ലാമായിട്ടുണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : മനുഷ്യർക്കൊക്കെ പോളിയോ വാക്സിൻ എടുക്കുന്നതുപോലെ കന്നുകുട്ടികൾക്ക് സാധാരണ ഉണ്ടാകുന്ന രോഗബാധയിൽനിന്ന് മുക്തമാകാൻവേണ്ടി നേരത്തേതന്നെ പ്രതിരോധ കുത്തിവയ്പിനുള്ള പദ്ധതി ആവിഷ്ക്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അത് പ്രത്യേക ചോദ്യം ചോദിച്ചെങ്കിൽ മാത്രമേ മറുപടി പറയാൻ ഒക്കുകയുള്ളൂ. അതിന് കൂത്തിവയ്പുണ്ടോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ച് എനിക്ക് അറിഞ്ഞുകൂടാ.

ശ്രീ. വർഗ്ഗീസ് വൈദ്യർ : കേരളത്തിലെ പാലുല്പാദക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ കർഷകർക്ക് ആവശ്യമായ ബോധവല്ക്കരണം നടത്തിയിട്ടുണ്ടോ ? പഞ്ചായത്ത് അടിസ്ഥാനത്തിൽ അവരെ വിളിച്ച് ബോധവല്ക്കരണം നടത്താൻ കഴിയുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : വിവിധ തലങ്ങളിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലൊക്കെ ബോധവല്ക്കരണ പരിപാടികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

ശ്രീ. വർഗ്ഗീസ് വൈദ്യർ : ബോധവല്ക്കരണം നടത്തി, അതിന്റെ അടിസ്ഥാനത്തിൽ വളർത്തുന്ന കന്നുകുട്ടികൾ എത്രമാസത്തിനുള്ളിൽ പ്രസവിക്കും എന്നു പറയാൻ കഴിയുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ബോധവൽക്കരണംകൊണ്ട് കന്നുകുട്ടികൾ പ്രസവിക്കുകയില്ല. അദ്ദേഹം ഉദ്ദേശിച്ചത് ഈ കന്നുകുട്ടി പരിപാലനത്തിലൂടെ വളർത്തിക്കൊണ്ടുവരുന്ന കന്നുകുട്ടികൾ എത്രമാസംകൊണ്ട് പ്രസവിക്കും എന്നാണ്. സാധാരണഗതിയിൽ 26-28 മാസത്തിനകം പ്രസവിക്കുന്നുണ്ട്. സാധാരണ പശുക്കുട്ടികൾ 46 മാസം എടുക്കുമ്പോൾ ഈ പോഷാഹാരങ്ങളൊക്കെ കൊടുത്തുവളർത്തുന്ന കന്നുകുട്ടികൾ 28 മാസത്തിനുമുമ്പ് പ്രസവിക്കുന്നുണ്ട്. അതാണ് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചത് എന്നു തോന്നുന്നു.

ശ്രീ. സി. കെ. രാജേന്ദ്രൻ : നമ്മുടെ സംസ്ഥാനത്ത് ഒരു ദീർഘ വീക്ഷണത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയ ഈ പദ്ധതി അനുസരിച്ച് എത്ര ശതമാനം സങ്കരയിനം പശുക്കൾ ആയിക്കഴിഞ്ഞു എന്നുള്ളതിന്റെ കണക്ക് ഗവൺമെന്റിന്റെ കൈയിലുണ്ടോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സങ്കരയിനം പശുക്കൾ കന്നുകുട്ടി പരിപാലനത്തിൽക്കൂടിയല്ല, സങ്കരയിനം പശുക്കൾക്ക് വേണ്ടിയുള്ള സ്കീം ഉണ്ട്. അതനുസരിച്ച് തിരു-കൊച്ചി മേഖലയിൽ ഇപ്പോൾ 75 ശതമാനവും മലബാർ മേഖലയിൽ 50 ശതമാനത്തിനോടടുത്തും ആയിട്ടുണ്ട് അത് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിപാടിയുടെ ഭാഗമായി അവിടെ കൂടുതൽ ഐ.സി.ഡി.പി. സെന്റേഴ്സ് തുടങ്ങി മലബാർ മേഖലയിൽ ഇത് വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. സി. കെ. രാജേന്ദ്രൻ : ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഐ.സി.ഡി.പി. സെന്ററുകളുടെ പ്രവർത്തനം, കഴിഞ്ഞ ഒരു വർഷം മുമ്പ് പ്രഖ്യാപിച്ചതിൽ പലതും ഇതേവരെ തുടങ്ങിയിട്ടില്ല. വളരെ അടിയന്തിരമായി ഇവ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഐ.സി.ഡി.പി. സെന്ററുകളുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികളൊക്കെ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രായോഗികമായ ഒരു പ്രശ്നം, ഐ.സി.ഡി.പി. സെന്ററിലേയ്ക്കുള്ള സ്റ്റാഫിന്റെ കാര്യത്തിൽ നമ്മൾ പി.എസ്.സി.ക്ക് കൊടുത്തു, സെലക്ഷൻ മുഴുവൻ കഴിഞ്ഞെങ്കിലും ആളുകളെ പോസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് രണ്ടും മൂന്നും ഐ.സി.ഡി.പി. സെന്റേഴ്സിന് ഒരാളേ ഉള്ളൂ എന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, കൂടുതൽ പാൽ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് സങ്കരയിനം പശുക്കളെ നമ്മൾ വളർത്തുന്നത്. എന്നാൽ പണ്ട്കാലങ്ങളിൽ നമ്മുടെ നാട്ടിൻപുറത്ത് വളർത്തിയിരുന്ന പശുക്കളിൽനിന്നും കിട്ടുന്ന പാലിന്റെയത്ര ഗുണമേൻമ മുപ്പതും നാല്പതും ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്ന പശുക്കളിൽനിന്ന് കിട്ടുന്ന പാലിനില്ല എന്നുള്ള അഭിപ്രായം നാട്ടിൻപുറത്തെ പഴയ രീതിയിലുള്ള കൃഷിക്കാരുടെയിടയിൽ വളരെ ശക്തമായി ഇപ്പോഴും നില്ക്കുന്നു എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഗുണമേന്മ ഏതിനാണ് കൂടുതൽ എന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഇതൊക്കെ ഒരു തെറ്റിദ്ധാരണയാണ്. മുമ്പ് വെറും നാടൻ പശുക്കൾക്ക് ശരാശരി കിട്ടിക്കൊണ്ടിരുന്നത് ഒന്നര ലിറ്റർ പാൽ ആണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മുപ്പതും നാല്പതും ലിറ്റർ പാൽ കിട്ടുന്ന തരത്തിൽ അത് പശുക്കളുടെ വെറൈറ്റി അനുസരിച്ചിരിക്കും. ചില വെറൈറ്റി പശുവിന് ഫാറ്റിന്റെ കണ്ടന്റ് കുറവായിരിക്കും. ചില വെറൈറ്റി പശുക്കൾക്ക് അത് കൂടുതലായിരിക്കും. അതുകൊണ്ട് അതിന്റെ അർത്ഥം ഈ പുതിയ വെറൈറ്റി വരുന്നത് കൃഷിക്കാർക്ക് ദോഷമാണെന്നോ അല്ലെങ്കിൽ പാലിന് ഗുണമേന്മ കുറയുമെന്നോ പറയുന്നത് ശരിയായിരിക്കില്ല.

ശ്രീ. സി. പി. ബാലൻ വൈദ്യർ : കാർഷിക സർവ്വകലാശാലയിൽ പശുക്കളുടെ കിടാങ്ങളെ പ്രസവിച്ച ഉടനേ മാറ്റി നിർത്തിയാണ് കറവ നടത്തുന്നത്. നാട്ടിൻപുറങ്ങളിൽ കുട്ടിയെ കൂടിപ്പിച്ചുകൊണ്ടാണ് കറവ നടത്തുന്നതെങ്കിൽ പശുവിന്റെ പാൽ ഈ നിലയിൽ പശുവിൽ നിന്നുതന്നെ കുട്ടി കുടിച്ച് വളരുന്നതോടൊപ്പം കറവയും നടക്കുന്നു. എന്നാൽ കാർഷിക സർവ്വകലാശാലയിൽ കിടാവിനെ മാറ്റിയിട്ടാണ് കറവ നടത്തുന്നത്. ഇത് കുട്ടിയുടെ ആരോഗ്യത്തിന് കുഴപ്പമുണ്ടാക്കില്ലേ എന്ന ഒരു സംശയം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഒന്നാമത്തെ കാര്യം, ഞാൻ ഒരു ശാസ്ത്രജ്ഞനല്ല. കാർഷിക സർവ്വകലാശാലയിൽ കന്നുകുട്ടികൾക്ക് പാൽ കൊടുക്കാതെ അവയെ പട്ടിണിക്കിടുന്നുണ്ടോ എന്നുള്ള കാര്യം എനിക്ക് അറിഞ്ഞുകൂടാ. എനിക്ക് കിട്ടിയിട്ടുള്ള ഇൻഫർമേഷൻ അനുസരിച്ചാണെങ്കിൽ കന്നുകുട്ടികൾക്ക് പാൽ കൊടുക്കുന്നതാണ് നല്ലത്. ചിലപ്പോൾ യൂണിവേഴ്സിറ്റിയിലൊക്കെ ചില എക്സ്പിരിമെന്റ് നടത്താനായി ഇങ്ങനെയൊക്കെ പല ട്രയൽസും നോക്കിയെന്നിരിക്കും. അങ്ങനെ വല്ലതുമായിരിക്കാം ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : കന്നുകുട്ടി പരിപാലനത്തിൽ ഏറ്റവും വലിയ പങ്ക് വഹിക്കേണ്ടവയാണ് നമ്മുടെ വെറ്ററിനറി ആശുപത്രികൾ. ഇപ്പോൾ ഇവ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. നമ്മുടെ പല പഞ്ചായത്ത് വെറ്ററിനറി ആശുപത്രികളിലും വെറ്ററിനറി സർജൻമാർ ഇല്ല. പഞ്ചായത്തുകൾ അവരെ കോൺട്രാക്ട് ബേസിസിൽ വയ്ക്കുന്നതിനുപോലും ചില നിബന്ധനകൾ ഉണ്ട്. അങ്ങനെയുള്ള കാര്യങ്ങളിൽ ഗവൺമെന്റ് കോൺട്രാക്ട് ബേസിസിൽ ഇവരെ വയ്ക്കാനുള്ള ഉത്തരവ് നൽകുമോ ? ഇല്ലെങ്കിൽ അടിയന്തിരമായി ഇവിടങ്ങളിൽ പെർമനന്റായി ആളെ പോസ്റ്റ് ചെയ്യുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇവർ ഇല്ലാത്ത സ്ഥലങ്ങളിൽ ഇപ്പോൾ എംപ്ലോയമെന്റ് എക്സ്ചേഞ്ചിൽ നിന്ന് 20 പേരെ നിയമിച്ചിട്ടുണ്ട്. 60-ൽ കൂടുതൽ വേക്കൻസികൾ ഉണ്ട്. പി. എസ്. സി.യുടെ സെലക്ഷൻ ഇപ്പോൾ മിക്കവാറും പൂർത്തിയായി എന്നാണറിയാൻ കഴിഞ്ഞത്. അവർ വരുന്ന മുറയ്ക്ക് എല്ലായിടത്തും ഫിൽ ചെയ്യാൻ സാധിക്കും. ഇത്രയുമൊക്കെയായിട്ടുപോലും വെറ്ററിനറി ഡോക്ടർമാരെ കിട്ടാത്ത മൃഗാശുപത്രികൾ ഉണ്ടെന്നുള്ളത് ശരിയാണ്.

ശ്രീ. ടി. കെ. ബാലൻ : വിദേശങ്ങളിലെല്ലാം കാളക്കുട്ടികൾക്ക് പ്രത്യേക തരത്തിലുള്ള ഫീഡ് കൊടുത്ത് ആറ് മാസമാകുന്ന സമയത്ത് നല്ല ഹെവി വെയ്റ്റാക്കി അതിനെ സ്ളാട്ടർ ചെയ്ത് നല്ല തരത്തിലുള്ള മീറ്റ് ആക്കി മാറ്റുമെന്ന് കേട്ടിട്ടുണ്ട്. കന്നുകുട്ടി പരിപാലനത്തിലൂടെ നല്ല കന്നുകുട്ടികളെ ഉണ്ടാക്കുന്നതുപോലെതന്നെ മീറ്റിന്റെ ആവശ്യത്തിനുവേണ്ടി കാളക്കുട്ടികളെ ഈ രൂപത്തിൽ വളരെ ചെറുപ്പത്തിലേ എടുത്തുവളർത്തുന്നതിനുള്ള വല്ല പ്രോത്സാഹന പദ്ധതിയേയും കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇതെല്ലാം ഗവൺമെന്റ് ചെയ്യുക എന്നു പറഞ്ഞാൽ പ്രായോഗികമല്ല. ഒരു മീറ്റ് ഇൻഡസ്ട്രിയുടെ കാര്യത്തിൽ നാം വളരെ പ്രിമിറ്റീവ് ആണെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. യഥാർത്ഥത്തിൽ ഒരു മോഡേൺ ഇൻഡസ്ട്രിയായിട്ട് ഇത് ഡെവലപ്പ് ചെയ്യാവുന്നതാണ്. കാളിറ്റി മീറ്റിന് ഡിമാന്റ് ഉണ്ട്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ , കൂത്താട്ടുകുളത്ത് പരിമിതമായിട്ടേ പ്രോഡക്ട് ഉണ്ടാക്കുന്നുള്ളൂ. അതിന് മാർക്കിറ്റിംഗ് ഒരു പ്രശ്നമേ അല്ല. അതുകൊണ്ട് തീർച്ചയായും അദ്ദേഹത്തിന്റെ സജഷൻ അനുസരിച്ച് പ്രൈവറ്റ് സെക്ടറിലോ കോ-ഓപ്പറേറ്റീവ് സെക്ടറിലോ ഇത് ആരംഭിക്കുകയാണെങ്കിൽ അതിനുള്ള സഹായ സഹകരണങ്ങൾ ചെയ്യാൻ ഗവൺമെന്റ് തീർച്ചയായും തയ്യാറായിരിക്കും.

ശ്രീ. ഇസ്ഹാക് കുരിക്കൾ : കഴിഞ്ഞ ബഡ്ജറ്റ് ചർച്ചയിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയപ്പോൾ കന്നുകുട്ടി പരിപാലന പദ്ധതി പഞ്ചായത്തുകളിൽ മാത്രമല്ല നഗരസഭകളിലും നടപ്പിലാക്കാനുള്ള നടപടി

എടുക്കുമെന്ന് ഈ സഭയിൽ ഉറപ്പ് നൽകിയതാണ്. ഇല്ല എന്ന് നിഷേധിക്കരുത്. അങ്ങ് എന്റെ ചോദ്യത്തിന് നൽകിയ മറുപടിയാണ്. എന്തുകൊണ്ട് നഗരസഭകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നില്ല ? ഇല്ലെങ്കിൽ ഇനിയെങ്കിലും അങ്ങ് പോകുന്നതിന് മുമ്പ് നഗരസഭകളിൽകൂടി ഈ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : നഗരങ്ങളിൽക്കൂടി ഇത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. പക്ഷേ അത് നടപ്പിലായിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് ഞാൻ വെരിഫൈ ചെയ്യാം.

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

4 (*289) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം സംസ്ഥാനങ്ങളെ ഏൽപ്പിക്കണമെന്ന് 2000 നവംബറിൽ ചേർന്ന ദേശീയ വികസനസമിതി യോഗം തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ തീരുമാനം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന കാര്യത്തെപ്പറ്റി പഠിച്ചിട്ടുണ്ടോ ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കിവരുന്നു ;

(ഡി) ഇവയ്ക്കുവേണ്ടി സംസ്ഥാനവും കേന്ദ്രവും ചെലവഴിക്കുന്ന തുക എത്ര വീതമാണ് ;

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതി അവസാനിപ്പിക്കുമ്പോൾ സംസ്ഥാനം നടപ്പാക്കുവാൻ ബാദ്ധ്യസ്ഥമായതും കേന്ദ്രസഹായം ആവശ്യമായതുമായ സ്കീമുകൾക്ക് കേന്ദ്രസഹായം ലഭിക്കുവാൻ മറ്റെന്തെങ്കിലും മാർഗ്ഗത്തെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : (എ) ദേശീയ വികസന സമിതി 2000 നവംബറിൽ യോഗം ചേർന്നിട്ടില്ല.

(ബി) പ്രസക്തമല്ല.

(സി&ഡി) എൻ.സി.ഡി.സി. ഒഴികെ ആകെ 200 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പാക്കിവരുന്നത്. ഇവയ്ക്ക് കേന്ദ്ര സർക്കാർ 417.72 കോടി രൂപയും സംസ്ഥാന സർക്കാർ 82.56 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. (പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം).

LIBRARY ARCHIVES Kerala Legislative Assembly